## കേരള വനം വകുപ്പ്

## ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

ഹാജർ : വി.ഗോപിനാഥൻ, ഐ.എഫ്.എസ്.

വിഷയം: വനം വകുപ്പ് - ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം - 2013-14 ശബരിമല സന്നിധാനത്തും പമ്പ യിലും വനം വകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിച്ച് ജീവന ക്കാരെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 15-10-2013 ലെ ഡി2-41568/13 നമ്പർ നടപടി ഉത്തരവ്.
2. കോട്ടയം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-12-2013 ലെ എസ്.എഫ്.ഇ-2618/13 നമ്പർ കത്ത്

## നടപടി ഉത്തരവ് നമ്പർ ഡി2-41568/2013 തീയതി 30-12-2013

2013-14 കാലയളവിലെ ശബരിമല മണ്ഡലപൂജ-മകരവിളക്ക് ഉത്സവ കാലത്ത് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് വേണ്ടുന്ന ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു കോ- ഓർഡി നേറ്ററെ നിയമിച്ചുകൊണ്ടും ശബരിമലയിലും സന്നിധാനത്തിലും പമ്പയിലും ഫോറസ്റ്റ് കൺട്രോൾ റൂം സ്ഥാപിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ടും പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. ആയതുപ്രകാരം ശ്രീ.ഷാജി.കെ.വർക്കി (റെയിഞ്ചാഫീസർ, സോഷ്യൽ ഫോറസ്ട്രി, കോട്ടയം) യെ ശബരിമല സന്നിധാനം ഡ്യൂട്ടിക്കായി 01-01-2014 മുതൽ 20-01-2014 വരെ നിയോഗിച്ചിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ടിയാനെ ശബരിമല സ്പെഷ്യൽ ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

മേൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച്, പരാമർശം 1 ഉത്തരവ് ഭാഗികമായി ഭേദഗതി വരുത്തി ശ്രീ.ഷാജി.കെ.വർക്കി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ശബരിമല സന്നിധാനം കൺട്രോറൂം ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടും പകരം പൊൻകുന്നം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അധീഷിനെ (ഫോൺ നം. 8547603650) നിയോഗിച്ചു കൊണ്ടും ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ

പകർപ്പ്:

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്) കൊല്ലം.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ) തിരുവനന്തപുരം
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ) കോട്ടയം.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, കൊല്ലം.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി / കോന്നി
7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളയിംഗ് സ്ക്വാഡ്, പുനലൂർ/തിരുവനന്തപുരം.
8. കമ്മീഷണർ, തിരുവനന്തപുരം ദേവസ്വംബോർഡ്
9. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്/സോഷ്യൽ ഫോറസ്ട്രി/വിജിലൻസ്/ഡി & പി.എഫ്.എം.
10. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് കവറിംഗ് ലറ്റർ സഹിതം
11. വ്യക്തികൾക്ക് (15-10-2013 ലെ ഡി2-41568/13 നമ്പർ ഉത്തരവിന്റെ പകർപ്പ് സഹിതം)